(ബി) ഇല്ല. നടപടി സ്വീകരിക്കാവുന്നതാണ്.

(സി) പദ്ധതി ഇല്ലാത്ത പ്രദേശങ്ങളിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതികളിൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ചും, സ്രോതസ്സിലെ ജല ലഭ്യതയനുസരിച്ച് പമ്പിംഗ് സമയം ദീർഘിപ്പിച്ചും, പൈപ്പു ലൈൻ നീട്ടിയും കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

നദീജലം ചോർത്തുന്നത് തടയാൻ നടപടി

48 (3257) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദീജലം അന്യസംസ്ഥാനങ്ങളിലേക്ക് ചോർത്തിക്കൊണ്ട് പോകുന്നത് തടയാൻ സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ ആലോചിക്കുമോ ;

(സി) എങ്കിൽ അത് എപ്പോൾ മുതൽ പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ നദികളിൽ നിന്നും അനധികൃതമായി ജലം ചോർത്തുന്നില്ല എന്ന് ഉറപ്പു വരുത്തുവാനായി കേരളം ജാഗ്രത പുലർത്തുന്നുണ്ട്. കേരളത്തിൽ നിന്നും അനധികൃതമായി ജലം കടത്തുന്നുണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി സുപ്രണ്ടിംഗ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ സർക്കിൾ, തൃശ്ശൂർ വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് ഏജൻസികളുടെ ചുമതലയുള്ള എക്സി. എഞ്ചിനീയർമാർ വിജിലൻസ് ഓഫീസർമാരായും ഉള്ള ഒരു സംവിധാനം നിലവിലുണ്ട്. ഇതുകൂടാതെ പമ്പ അച്ചൻ കോവിൽ നദികളിൽ നിന്ന് അനധികൃതമായി ജലം ചോർത്തുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ഒരു ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

മൈനർ ഇറിഗേഷന്റെ 10 ലക്ഷത്തിന്റെ പ്രവർത്തനം

48 (3258) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനർ ഇറിഗേഷൻ സംസ്ഥാനത്തെ എല്ലാ ജില്ലയിലും 10 ലക്ഷത്തിന്റെ പ്രവർത്തനം തുടങ്ങാൻ ഉദ്ദേശിച്ചതിൽ മലപ്പുറം ജില്ലയെ ഒഴിവാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലപ്പുറം ജില്ലയിൽ 10 ലക്ഷത്തിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ഡി) മൈനർ ഇറിഗേഷന് 10 ലക്ഷത്തിന്റെ പ്രവർത്തനം തുടങ്ങാൻ വിവിധ പഞ്ചായത്തുകളിൽ നിന്ന് കൃഷിക്കാരുടെയും മറ്റു അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) മലപ്പുറം ജില്ലയിൽ മൈനർ ഇറിഗേഷന്റെ കീഴിൽ വിവിധ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) മൈനർ ഇറിഗേഷൻ പ്രവർത്തികൾക്കായി പഞ്ചായത്തുകളിൽ നിന്നും കൃഷിക്കാരിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഇ&എഫ്) ഫണ്ടിന്റെ ലഭ്യതയനുസരിച്ചു ഘട്ടംഘട്ടമായി പ്രസ്തുത അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

വനമേഖലയ്ക്കുപുറത്ത് വനംവച്ചുപിടിപ്പിക്കൽ

50 (3259) ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. എ. കെ. മണി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനമേഖലയ്ക്കുപുറത്ത് വനം വച്ചുപിടിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഏതെല്ലാം വനപ്രദേശങ്ങളോടനുബന്ധിച്ചാണ് ഇപ്രകാരം ചെയ്യുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ഹെക്ടർ സ്ഥലത്താണ് ഇപ്രകാരം വനവൽക്കരണം നടത്തുന്നതെന്നും ഇതിനുവേണ്ടി സ്വകാര്യഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശ്യമുണ്ടോ എന്നും വെളിപ്പെടുത്താമോ ;

(സി) എന്തെല്ലാം വൃക്ഷത്തൈകളാണ് ഇപ്രകാരം വനവൽക്കരണത്തിന് ഉപയോഗിക്കുന്നത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പാർപ്പിടവനവൽക്കരണം (Habitat Forestry) എന്ന ഒരു നൂതന ബൃഹത് പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഓരോ ജില്ലയിലും ഓരോ പഞ്ചായത്തു വീതം തെരഞ്ഞെടുത്ത് 14 പഞ്ചായത്തുകളിൽ എക്കോ വില്ലേജ് പദ്ധതി നടപ്പിലാക്കുക. പൊതു സ്ഥാപനങ്ങളുടെ ചുറ്റുവളപ്പിൽ സസ്യോദ്യാനം നിർമ്മിക്കുക, നാട്ടുകൂട്ടങ്ങളുടെ സഹായത്തോടെ ഔഷധ സസ്യ

LIBRARY ARCHIVES Kerala Legislative Assembly